# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1516**.

**06-03-2017 ൽ മറുപടിയ്ക്ക്**

## നെല്ലിന്റെ ഉല്പാദനം

**ചോദ്യം**
ശ്രീ.പി.കെ. ശശി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2007-08 ൽ സംസ്ഥാനത്ത് നെൽ കൃഷിയുടെ ആകെ വിസ്തീർണ്ണം എത്ര ഹെക്ടറായിരുന്നു; | (എ) | 2007-08 ൽ സംസ്ഥാനത്ത് നെൽകൃഷിയുടെ ആകെ വിസ്തീർണ്ണം 228938 ഹെക്ടർ ആയിരുന്നു. |
| (ബി) | ആയത് 2015-16 ആയപ്പോൾ എത്രയായി ചുരുങ്ങി; | (ബി) | 2015-16 ആയപ്പോൾ 196870 ഹെക്ടറായി ചുരുങ്ങുകയുണ്ടായി. |
| (സി) | കഴിഞ്ഞ യു.ഡി.എഫ് സർക്കാർ ഒത്താശയോടെ നെൽവയലുകൾ വ്യാപകമായി നികത്തിയതിന്റെ ഫലമല്ലേ ഇത്തരത്തിൽ നെൽകൃഷിയുടെ വിസ്തീർണ്ണം കുറയുവാൻ കാരണം; വ്യക്തമാക്കുമോ; | (സി) | തരിശായി കിടക്കുന്ന നെൽവയലുകൾ മറ്റാവശ്യങ്ങൾക്കായി പരിവർത്തനം ചെയ്യപ്പെട്ടതാണ് നെൽകൃഷിയുടെ വിസ്തീർണ്ണം കുറയുവാൻ പ്രധാന കാരണം. കൂടാതെ തരിശായി കിടക്കുന്ന നെൽവയലുകൾ കൃഷിയോഗ്യമാക്കുന്നതിനായി ആവശ്യമായി വരുന്ന പ്രാരംഭ ചെലവുകൾ വളരെ വലുതായതിനാൽ കർഷകർ നെൽ വയലുകളിൽ കൃഷിയിറക്കുവാൻ വൈമനസ്യം കാണിക്കുന്നുമുണ്ട്. തണ്ണീർത്തട സംരക്ഷണ നിയമം നടപ്പിലാക്കുന്നതിൽ കഴിഞ്ഞ സർക്കാർ വേണ്ട ശ്രദ്ധ കാണിച്ചിട്ടില്ല. |
| (ഡി) | 2016-17 ലെ ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാനത്തെ നെൽകൃഷിയുടെ ആകെ വിസ്തീർണ്ണം എത്ര; 2015-16 നേക്കാൾ എത്ര കണ്ടുവർദ്ധിച്ചു; നിലവിൽ നെല്ലിന്റെ ഉല്പാദനം എത്ര ടൺ എന്ന് വ്യക്തമാക്കുമോ; | (ഡി) | 2016-2017-ലെ നെൽകൃഷിയുടെ ആകെ വിസ്തീർണ്ണവും, നെല്ല് ഉല്പാദനത്തിന്റെ കണക്കും ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പൂർത്തീകരിച്ചിട്ടില്ല. 2015-2016-ലെ ഉല്പാദനം 549275 മെ. ടൺ ആണ്. |
| (ഇ) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ എത്ര ഏക്കർ സ്ഥലത്ത് പുതുതായി കൃഷിയിറക്കുവാൻ കഴിഞ്ഞു; വിശദാംശം വ്യക്തമാക്കുമോ; | (ഇ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ 7250 ഏക്കറിൽ (2900 ഹെ.) തരിശുനില നെൽകൃഷിയും, 6880.23 ഏക്കറിൽ (2752.092 ഹെ.) കരനെൽകൃഷിയും 94 ഹെക്ടറിൽ ഒരുപ്പൂ നിലം, ഇരുപ്പൂനില കൃഷിയും അധികമായി നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | കഴിഞ്ഞ യു.ഡി.എഫ് സർക്കാർ ഒത്താശയോടെ നികത്തിയ നെൽവയലുകൾ തിരിച്ച് പിടിച്ച് അവിടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുവാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശം വ്യക്തമാക്കുമോ? | (എഫ്) | വർഷങ്ങളായി തരിശ്ശു കിടക്കുന്ന ആറന്മുള പാടശേഖരത്തിൽ 2016-2017 വർഷം 101 ഹെക്ടറിൽ കൃഷി പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 20/02/2017-ൽ വിളവെടുപ്പ് ആരംഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ മെത്രാൻ കായൽ പാടശേഖരത്തിലെ കർഷകരുടെ ഉടമസ്ഥതയിലുള്ള 10 ഹെക്ടർ ഉൾപ്പെടെ 120 ഹെക്ടർ പ്രദേശത്ത് നെൽകൃഷി പുനരാരംഭിക്കുവാൻ 2016-2017 വർഷം സാധിച്ചിട്ടുണ്ട്. മെത്രാൻ കായൽ പാടശേഖരങ്ങളിലെ നെൽകൃഷി 2017 മാർച്ച് 11-ാം തീയതി വിളവെടുക്കുന്നതാണ്. റാണി കായലിൽ 190 ഹെക്ടർ സ്ഥലത്ത് കൃഷി ഇറക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. റാണികായലിൽ ഇതിനകം വിളവെടുപ്പ് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ